

കവർസ്റ്റോറി

ശൈഖ് മുഹമ്മദ് കാരകുന്ന്

# വിസ്മയകരമായ ദൈവിക ഇടപെടൽ

**ഒരു ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിനിധാനത്തിൽ പുലർത്തേണ്ട വിശാലവും സഹിഷ്ണുതാപൂർണവുമായ സമീപനത്തിലെ മഹിതമായ മാതൃക കാഴ്ചവെച്ച പാളയം പള്ളി കമ്മിറ്റി ഭാരവാഹികളും ഇമാമും ഏവരുടെയും പ്രശംസയർഹിക്കുന്നു. ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിനിധാനത്തിൽ പരമാവധി ഉദാരവും വിശാലവുമായ സമീപനം സ്വീകരിക്കാൻ സമുദായത്തിന് കമലാ സുറയ്യയുടെ മരണാനന്തര കർമങ്ങളിലെ അനുഭവം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.**

**അല്ലാഹുവിന്റെ** പ്രകടമായ ഇടപെടൽ അനുഭവിച്ചറിഞ്ഞ സന്ദർഭങ്ങളിലൊന്നാണ് കമലാ സുറയ്യയുടെ മരണവുമായി ബന്ധപ്പെട്ട് ഞങ്ങൾക്കുണ്ടായത്. ഏപ്രിൽ പതിനെട്ടിന് അവർ പൂനയിലെ ജഹാംഗീർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ദിവസം മൂത്ത മകൻ മോനു എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന എം.ഡി നാലപ്പാട്ട് ഫോണിൽ വിളിച്ച് വിവരമറിയിച്ചു. മുമ്പത്തെപ്പോലെയല്ല, ഇത്തവണ രോഗം വളരെ ഗുരുതരമാണ്. അമ്മക്കു വേണ്ടി പ്രാർഥിക്കണം-അദ്ദേഹം പറഞ്ഞു. അമ്മ ആവശ്യപ്പെട്ട പ്രകാരം മരണാനന്തര കർമങ്ങൾ ഇസ്‌ലാമികമായി നിർവഹിക്കുന്നതിനെ സംബന്ധിച്ച് ഒരു വർഷമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ചകൾ അനുസ്മരിച്ച് എറണാകുളത്തോ തിരുവനന്തപുരത്തോ അതിനു സൗകര്യമൊരുക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. അമ്മക്കും കുടുംബത്തിനും താൽപര്യം എവിടെയാണെങ്കിലും അവിടെ സൗകര്യം ചെയ്യാമെന്ന് വാക്കു കൊടുത്തു. അങ്ങനെ എറ

ണാകുളത്തെയും തിരുവനന്തപുര ത്തെയും പ്രവർത്തകരുമായി ബന്ധപ്പെട്ട് രണ്ടിടത്തും സൗകര്യങ്ങളൊരുക്കാൻ വേണ്ടത് ചെയ്തു. മരണാനന്തര കർമ ങ്ങൾക്ക് നേതൃത്വം നൽകാൻ ആദ്യാവ സാനം ഉണ്ടാവണമെന്ന് നാലപ്പാട്ട് ആവ ശ്യപ്പെടുകയും അതിനു സമ്മതിക്കു കയും ചെയ്തിരുന്നു. മരണാനന്തര കർമ ങ്ങൾ ഇസ്‌ലാമികമായി നിർവഹിക്കാൻ കുടുംബാംഗങ്ങളെല്ലാം സമ്മതിക്കുമോ എന്ന ആശങ്ക ഞങ്ങൾക്കെന്നപോലെ നാലപ്പാട്ടിനുമുണ്ടായിരുന്നു. അത് വളരെ സ്വാഭാവികവുമാണല്ലോ. അമ്മയുടെ ഇംഗിതം നടപ്പാക്കാൻ കുടുംബത്തെ അനുകൂലമാക്കാനുള്ള ശ്രമം വിജയിച്ച തായി അറിയിച്ച അദ്ദേഹം പറഞ്ഞു: "അമ്മയുടെ അന്ത്യാഭിലാഷം പൂർത്തീക രിക്കുന്നതിൽ എല്ലാവരും പൂർണ സംതൃ പ്തരാണ്."

ഇരുപതാം തീയതി വീണ്ടും വിളിച്ച് പ്രാർഥന ഫലിച്ചതായി അനുഭവപ്പെടു ന്നതായും രോഗത്തിന് ആശ്വാസം തോന്നുന്നതായും അറിയിച്ചു. പിന്നീട് നിരന്തരം വിളിക്കുകയും വിവരങ്ങളറിയി ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇടക്ക് ഇരുപത് ദിവസത്തേക്ക് ഖത്തറിലും കുവൈത്തിലും പോകേണ്ടിവന്നപ്പോൾ ആ വിവരം അറിയിക്കാൻ ധൈര്യമുണ്ടാ യില്ല. അതുകൊണ്ട് ഖത്തറിലെത്തിയ ശേഷമാണ് ഫോൺ ചെയ്ത് യാത്രാ വിവ രമറിയിച്ചത്. മറ്റു കാര്യങ്ങളെല്ലാം പാളയം ഇമാം മങ്കട ജമാലുദ്ദീൻ മൗലവിയെ ഏൽപിച്ചിട്ടുണ്ടെന്നും ആശ്വസിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി സാഹിബും സെക്രട്ടറി എൻ.എം അബ്ദുർറഹ്മാൻ സാഹിബും എല്ലാറ്റിനും കൂടെ ഉണ്ടാവുമെന്ന് ഉറപ്പ് നൽകി.

വിദേശയാത്ര കഴിഞ്ഞ് തിരിച്ചെ ത്തിയ ശേഷം ആദ്യമായി എം.ഡി നാല പ്പാട്ട് വിളിച്ചത് മെയ് ഇരുപത്തി ഒമ്പതി നായിരുന്നു. അമ്മക്ക് രോഗം അൽപം കൂടുതലാണെന്ന് അറിയിക്കുകയും പ്രാർഥിക്കാനാവശ്യപ്പെടുകയും ചെയ്തു. തിങ്കളാഴ്ച നേരിൽ കണാമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ ബാംഗ്ലൂരിൽ ജമാ അത്തെ ഇസ്‌ലാമി കേന്ദ്ര പ്രതിനിധിസ ഭയിൽ പങ്കെടുത്തുകൊണ്ടിരിക്കുകയായി രുന്നു. മറ്റൊരാവശ്യത്തിന് ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി എൻ.എം അബ്ദുർറ ഹ്മാനും ബാംഗ്ലൂരിലെത്തിയിരുന്നു. ശനി യാഴ്ച വൈകുന്നേരം എൻ.എമ്മുമായി പിരിഞ്ഞത് നാലപ്പാട്ട് കാണാൻ താൽപര്യം പ്രകടിപ്പിച്ചതിനെക്കുറിച്ച് പറ



**മൃതശരീരം കാണാനെത്തിയ ജാതി മത ഭേദമന്യേയുള്ള വമ്പിച്ച ജനക്കൂട്ടം, മലയാളി കൾ കമലാ സുറയ്യയോട് പുലർത്തുന്ന സ്നേഹാദരവു കൾക്കുള്ള തെളിവെന്ന പോലെ കേരളീയ സമൂഹം കാത്തുസൂക്ഷിക്കുന്ന മഹത്തായ മതമൈത്രിയു ടെയും സമുദായ സൗഹാർദ ത്തിന്റെയും നിദർശനം കൂടിയായിരുന്നു.**

ഞ്ഞുകൊണ്ടാണ്. അന്നുതന്നെ രാത്രി രണ്ടു മണിക്ക് സുറയ്യയുടെ മരണവിവര മറിഞ്ഞു. ഉടനെ പൂനയിലെത്താൻ എൻ.എം ഏർപ്പാട് ചെയ്തു. ഞങ്ങൾ ബാംഗ്ലൂരിൽ അല്ലായിരുന്നെങ്കിൽ ഒരി ക്കലും പൂനയിൽ എത്താൻ സാധിക്കു മായിരുന്നില്ല. അത് നാലപ്പാട്ടുമായുള്ള കരാറിന്റെ ലംഘനമാവുകയും ഒട്ടേറെ അസൗകര്യങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുമായിരുന്നു. ഒരു ഘട്ടത്തിൽ മൃത ശരീരം ദഹിപ്പിക്കുന്നതിന് ഇസ്‌ലാം എതി രല്ലെന്ന് ചില കുടുംബാംഗങ്ങളെ തെറ്റി ദ്ധരിപ്പിക്കാൻ ഏതോ കുബുദ്ധികൾ ശ്രമിച്ചതായിരുന്നുവല്ലോ. തീർച്ചയായും ഇത് അല്ലാഹുവിന്റെ വ്യക്തമായ ഇടപെ ടലായേ കരുതാനാവുന്നുള്ളൂ.

ഞായറാഴ്ച ഉച്ചക്ക് ഒരു മണി യോടെ പൂന ജഹാംഗീർ ആശുപത്രിയി ലെത്തി. അപ്പോൾ മയ്യിത്ത് എംബാം ചെയ്യാനായി പൂനയിലെ സർക്കാർ ആശു പത്രിയിലായിരുന്നു. ആശുപത്രിയിൽ വെച്ച് മരണാനന്തര കർമങ്ങളെക്കുറിച്ച് കുടുംബാംഗങ്ങളുമായി വിശദമായി സംസാരിച്ചു. ഇസ്‌ലാമിക രീതി വിശദീ കരിച്ചുകൊടുത്തു. അപ്പോഴേക്കും സാംസ്കാരിക വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ മന്ത്രി എം.എ ബേബി ഔദ്യോഗിക ബഹുമതികളോടെ യായിരിക്കും മരണാനന്തര ചടങ്ങുകളെന്ന് പ്രഖ്യാപിക്കുകയും മുംബൈയിലേക്ക് പുറപ്പെടുകയും ചെയ്തതായി വിവരം ലഭിച്ചു. ജഹാംഗീർ ആശുപത്രിയിലെത്തി കാര്യങ്ങൾ നിർവഹിച്ചത് പൂനയിലെ മുസ്‌ലിം ജമാഅത്ത് ഭാരവാഹികളായ അബ്ദുൽ മജീദ് സാഹിബും ശംസുദ്ദീൻ സാഹിബും അബ്ദുൽ ഗഫൂർ സാഹിബു മാണ്. അവർതന്നെ മുംബൈയിലേക്ക് മയ്യിത്ത് കൊണ്ടുപോകാനുള്ള ആംബു ലൻസ് ഏർപ്പാട് ചെയ്തു.

ആശുപത്രിയിൽ വെച്ച് മരണാന ന്തര ക്രിയകളെക്കുറിച്ച് സംസാരിച്ചുകൊ ണ്ടിരിക്കെ എം.ഡി. നാലപ്പാട്ടിന്റെ ഭാര്യ ലക്ഷ്മി പറഞ്ഞു: "തിങ്കളാഴ്ച രാത്രി അമ്മയുടെ മൃതദേഹം ഞങ്ങൾ കുടും ബാംഗങ്ങൾക്ക് വിട്ടുതരണം. പിന്നീട് ചൊവ്വാഴ്ച രാവിലെ അമ്മയെ നിങ്ങളെ ഏൽപിക്കാം. നിങ്ങൾ മതപരമായ ചട ങ്ങുകൾ ചെയ്തുകൊള്ളുക."

അപ്പോൾ ഞങ്ങൾ അറിയിച്ചു: "നിങ്ങൾ മക്കൾക്കും ബന്ധുക്കൾക്കും എല്ലാ കർമങ്ങളിലും പങ്കാളികളും സാക്ഷികളുമാകാമല്ലോ."

''ഞങ്ങൾ സ്ത്രീകൾക്കും അതൊക്കെ കാണാനും സാക്ഷികളാ കാനും പറ്റുമോ?"- ലക്ഷ്മി അത്ഭുത ത്തോടെ ചോദിച്ചു.

"തീർച്ചയായും"- ഞങ്ങൾ പറഞ്ഞു.

"ഞങ്ങൾ ഇസ്‌ലാമികമായി തലമ റയ്ക്കുകയും മറ്റും വേണ്ടിവരില്ലേ?"

"ഒരിക്കലുമില്ല. നിങ്ങൾക്ക് നിങ്ങ ളുടെ രീതിയനുസരിച്ച് വസ്ത്രധാരണം ചെയ്ത് പങ്കെടുക്കാവുന്നതാണ്." ഈ മറുപടി അവരെ അത്യധികം വിസ്മയഭ രിതരാക്കുക മാത്രമല്ല, അവരുടെ നില പാടിനെയും സമീപനത്തെയും അതി യായി സ്വാധീനിക്കുകയും ചെയ്തു. അവിടെനിന്ന് ആരംഭിച്ച മൃതദേഹത്തോ ടൊന്നിച്ചുള്ള യാത്രയിലുടനീളം എം.ഡി നാലപ്പാട്ടും ലക്ഷ്മിയും ഞങ്ങളൊന്നിച്ചാ

യിരുന്നു. നാലപ്പാട്ട് തറവാട്ടിലെ മോനുവിനെപ്പോലെത്തന്നെ തിരുവനന്തപുരം രാജ കുടുംബാംഗമായ ഭാര്യ ലക്ഷ്മിയും അത്യസാധാരണമായ കുലീനതയും സ്നേഹവും ബഹുമാനവും പുലർത്തുന്ന മഹദ്വ്യക്തിത്വത്തിന്റെ ഉടമയാണ്. രണ്ടു ദിവസത്തെ യാത്രക്കിടയിൽ വളർന്നു വികസിച്ച സൗഹൃദവും സാഹോദര്യവും അവിസ്മരണീയവും അത്യന്തം ഹൃദ്യവും ഊഷ്മളവുമത്രെ. എം.ഡി നാലപ്പാട്ടുമായി ദീർഘകാലമായി അടുത്ത ബന്ധമുണ്ടായിരുന്നുവെങ്കിലും കമലാ സുറയ്യയുടെ ഇളയ മകൻ ജയസൂര്യയുമായി അടുത്ത് ബന്ധപ്പെട്ടത് ജഹാംഗീർ ആശുപത്രിയിൽ വെച്ചാണ്. സംസാര പ്രിയനല്ലെങ്കിലും മാന്യവും ഉദാരവുമായ പെരുമാറ്റത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ ഭാര്യ ദേവിയും ഉയർന്ന സൗഹൃദവും ഉദാരമായ സമീപനവുമാണ് സ്വീകരിച്ചത്. ബാംഗ്ലൂരിൽ താമസിക്കുന്ന ചിന്നൻ ദാസ് ആദ്യ സന്ദർഭം തൊട്ടുതന്നെ ഫോണിൽ വിളിച്ച് നന്ദി രേഖപ്പെടുത്തിക്കൊണ്ടിരുന്നു.

മുംബൈ കേരള ഹൗസ്, നെടുമ്പാശ്ശേരി വിമാനത്താവളം, തൃശൂർ സാഹിത്യ അക്കാദമി ഹാൾ, എറണാകുളം ടൗൺ ഹാൾ, ആലപ്പുഴ കലക്ട്രേറ്റ്, തിരുവനന്തപുരം സെനറ്റ് ഹാൾ എന്നിവിടങ്ങളിൽ മൃതശരീരം കാണാനെത്തിയ ജാതി മത ഭേദ മന്യേയുള്ള വമ്പിച്ച ജനക്കൂട്ടം, മലയാളികൾ കമലാ സുറയ്യയോട് പുലർത്തുന്ന സ്നേഹാദരവുകൾക്കുള്ള തെളിവെന്ന പോലെ കേരളീയ സമൂഹം കാത്തുസൂക്ഷിക്കുന്ന മഹത്തായ മതമൈത്രിയുടെയും സമുദായ സൗഹാർദത്തിന്റെയും നിദർശനം കൂടിയായിരുന്നു. യാത്രയിൽ പ്രധാന നഗരങ്ങളിലെല്ലാം വലിയ ജനക്കൂട്ടം മൃതദേഹം വഹിച്ചുള്ള ആംബുലൻസ് എത്തുന്നതും കാത്തുനിന്നിരുന്നു.

അമ്മയുടെ മൃതശരീരം കുളിപ്പിക്കുന്നത് കാണാൻ അനുവാദം ആവശ്യപ്പെട്ട ലക്ഷ്മിയും ദേവിയും അതിന് ഒരു തടസ്സവുമില്ലെന്നറിയിച്ചപ്പോൾ അതിരറ്റ് സന്തോഷിച്ചു. കുളിപ്പിക്കുന്നത് കണ്ടുനിന്ന ഇരുവരും എല്ലാം കഴിഞ്ഞപ്പോൾ അതിയായ സംതൃപ്തി രേഖപ്പെടുത്തുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ചൊവ്വാഴ്ച രാവിലെ മൃതശരീരം വട്ടിയൂർക്കാവിലെ വീട്ടിൽനിന്ന് എടുക്കുന്നതിന് മുമ്പ് എം.ഡി നാലപ്പാട്ട് പ്രാർഥിക്കാനാവശ്യപ്പെട്ടു. മലയാളത്തിൽ നടത്തിയ പ്രാർഥനയിൽ അദ്ദേഹവും പങ്കുചേർന്നു. പള്ളിയിൽ വെച്ച് നടക്കുന്ന മയ്യിത്ത് നമസ്കാരത്തിൽ എന്റെ അടുത്ത് നിൽക്കാൻ മക്കൾ അനുവാദം ചോദിക്കുകയും അതംഗീകരിക്കുകയും ചെയ്തത് ഇസ്‌ലാമിനോടുള്ള അവരുടെ മതിപ്പും മുസ്‌ലിംകളോടുള്ള സ്നേഹവും പതിന്മടങ്ങ് വർധിക്കാനിടയാക്കി. മയ്യിത്ത് നമസ്കാരത്തിൽ മൂന്നു മക്കളും കുടുംബസുഹൃത്ത് മുരുകനും ആദ്യ അണിയിൽതന്നെ നിൽക്കുകയും ചെയ്തു. വളരെ നേരത്തെ പാളയം പള്ളിയിലെത്തിയ മക്കൾക്കും കുടുംബാംഗങ്ങൾക്കും ഖബർ കാണിച്ചുകൊടുക്കുകയും മറവു ചെയ്യുന്ന രീതി വിശദീകരിച്ചു കൊടുക്കുകയും ചെയ്തു. നമസ്കാരത്തിലും മറവു ചെയ്യുമ്പോഴും നടത്തുന്ന പ്രാർഥനകളുടെ അർഥം വിശദീകരിച്ചു. തുടർന്ന് മരണാനന്തര കർമങ്ങൾക്ക് അവരെല്ലാം സാക്ഷികളാവുകയും എല്ലാറ്റിലും പൂർണ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. മറവ് ചെയ്ത ശേഷം നടത്തിയ പ്രാർഥനാ വേളയിൽ മക്കളും കുടുംബാംഗങ്ങളും സാക്ഷികളായി.

ഇസ്‌ലാമിക രീതിയിൽ കാര്യങ്ങൾ നിർവഹിക്കാൻ പൂർണ മനസ്സോടെ സമ്മതം തരികയും എല്ലാറ്റിലും സാക്ഷികളും പങ്കാളികളുമാവുകയും ചെയ്ത നാലപ്പാട്ട് കുടുംബത്തിന്റെ അത്യുദാരമായ സമീപനം ഇന്ത്യയിൽതന്നെ അത്യപൂർവമായിരിക്കും. അപ്രകാരം തന്നെ ഒരു ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിനിധാനത്തിൽ പുലർത്തേണ്ട വിശാലവും സഹിഷ്ണുതാപൂർണവുമായ സമീപനത്തിലെ മഹിതമായ മാതൃക കാഴ്ചവെച്ച പാളയം പള്ളി കമ്മിറ്റി ഭാരവാഹികളും ഇമാമും ഏവരുടെയും പ്രശംസയർഹിക്കുന്നു. ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രതിനിധാനത്തിൽ പരമാവധി ഉദാരവും വിശാലവുമായ സമീപനം സ്വീകരിക്കാൻ സമുദായത്തിന് കമലാ സുറയ്യയുടെ മരണാനന്തര കർമങ്ങളിലെ അനുഭവം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു. ■